Shri P. Ramunni Kurup : Sir, I want to make a personal explanation.

Mr. Speaker : Under Rule 49, it is not allowed. The member may make use of some other occasion for that.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : പേഴ്സണൽ എക്സ്പ്ലനേഷനു് എത്ര ഡിബേറ്റുസമയത്തായാലും സമയം അനുവദിക്കേണ്ടതാണു്. പിന്നെ എപ്പോഴും സമയം ലഭിക്കുമെന്നു അറിഞ്ഞുകൂടാത്തതുകൊണ്ടു ഇപ്പോഴത്തന്നെ സമയം നൽകേണ്ടതാണു്.

Mr. Speaker : What I said was under Rule 49, it is not possible to make a personal explanation in disposing of an adjournment motion.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് ; ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയുടെ നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും എനിക്കു് നന്ദിയുണ്ടു്. അദ്ദേഹം പ്രസ്താവിച്ചതുപോലെ പാനൂർ പ്രദേശങ്ങളിൽ നടക്കുന്ന സംഭവങ്ങൾക്കു് ഉടനെ രാഷ്ട്രീയമായ വരാറുണ്ടെന്നുള്ളതിനോടു ഞാൻ യോജിക്കുകയാണു്. എന്റെ പേരു് ഇവിടെ എടുത്തു പറയുകയുണ്ടായി. അതു് ഒരുവിധത്തിലും ന്യായീകരിക്കുവാൻ വയ്യാത്തതാണു്. തലശ്ശേരി പോലീസു് സബ് ഇൻസ്പെക്ടർ ജ്ഞാനമാണിക്യത്തിന്റെ മുൻകൂട്ടിയുള്ള പ്രവർത്തനങ്ങൾ ഇതിലുണ്ടായിരുന്നില്ലേ എന്നു് അന്വേഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയാറാകുമോ എന്നാണു് അറിയേണ്ടതു്. പി. ആർ. കുറുപ്പിനെ സംബന്ധിച്ചു് തെറ്റായ മുദ്രാവാക്യങ്ങൾ വിളിക്കരുതെന്നു് താക്കീതുകൊടുത്തു എന്നു പറഞ്ഞതു് അക്ഷരംപ്രതി കളവായ പ്രസ്താവനയാണു്. എന്നെ സംബന്ധിച്ചും എന്റെ പാർട്ടി പ്രവർത്തകരെ സംബന്ധിച്ചും പഞ്ചായത്തു തിരഞ്ഞെടുപ്പിനോടടുത്ത അഞ്ചാറുമാസം അവിടെ വിളിച്ച മുദ്രാവാക്യങ്ങളും പ്രസംഗങ്ങളുമെല്ലാം അശ്ലീലവും അക്രമപ്രസക്തവുമായിരുന്നു എന്നു് നിഷ്പക്ഷനായ ഒരു പോലീസു് ഉദ്യോഗസ്ഥൻ അന്വേഷിക്കാൻ ഉണ്ടായിരുന്നെങ്കിൽ അറിയാമായിരുന്നു. അങ്ങനെയല്ലാത്ത, കക്ഷിപിടിച്ചെന്നു് കോടതിപോലും വിധി എഴുതിയിട്ടുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ടാണു്, ബഹുമാനപ്പെട്ട മന്ത്രിയെ ഈ പ്രസ്താവന ചെയ്യാൻ പ്രേരിപ്പിച്ചിട്ടുള്ളതു്. അതിൽ എനിക്കു് സഹതാപമേയുള്ളൂ. പോലീസു് ഉദ്യോഗസ്ഥന്മാർ അക്രമത്തിനു് പ്രേരിപ്പിക്കുന്നു എന്നുള്ള എന്റെ ആരോപണത്തെപ്പറ്റി അന്വേഷിക്കാൻ അദ്ദേഹം തയാറുണ്ടോ ? എന്നെ സംബന്ധിച്ചു പറഞ്ഞ ആക്ഷേപങ്ങളും എല്ലാം കളവാണു്.

ശ്രീ. പി. ടി. ചാക്കോ : ശ്രീ. കുറുപ്പിനെപ്പറ്റി ഞാൻ യാതൊരു ആക്ഷേപവും പറഞ്ഞില്ല. പി. എസ്സു്. പി. യുടെ ആളുകൾ ധാരാളമുള്ള സ്ഥലമാണതു്. ശ്രീ. കുറുപ്പു് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യരുതെന്നു് ഉപദേശിച്ചാൽ അത്തരം കാര്യങ്ങൾ അവസാനിക്കുമെന്നാണു് ഞാൻ പറഞ്ഞതു്. ശ്രീ. കുറുപ്പു പറഞ്ഞതുപോലെ നിഷ്പക്ഷമായി അന്വേഷിക്കാൻ തയാറാണു്. ഞാനും മറ്റു പാർട്ടി അംഗങ്ങൾക്കു് സൗകര്യമുള്ളപക്ഷം അവരുമായി അവിടെ പോകാനും തയാറാണു്. ഈ അവസ്ഥ ഒന്നു് അവസാനിപ്പിക്കാൻ ശ്രീ. കുറുപ്പു മുൻകൈ എടുക്കുമെങ്കിൽ സാധിക്കുമെന്നാണു് ഞാൻ പറയുന്നതു്.

(ii) Alleged repression on the people at Kottikulam by the Special Armed Police.

Mr. Speaker : A reply is also due to a motion, notice of which was given by Shri P. M. Kunhiraman Nambiar. I call upon the Home Minister to make the reply.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) : സർ, ശ്രീമാൻ പി. എം. കുഞ്ഞിരാമൻ നമ്പ്യാരുടെ അടിയന്തിരപ്രമേയത്തിൽ വിവരിച്ചതുപോലെ റിസർവ്വ് പോലീസു് ഈ പ്രദേശങ്ങളിൽ എന്തെങ്കിലും മർദ്ദന-

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയതായി അതായത്, ബേയ്ക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഒരു മർദ്ദനം നടത്തിയതായി യാതൊരു റിപ്പോർട്ടും ഇല്ല. അദ്ദേഹത്തിന്റെ അടിയന്തിരപ്രമേയത്തിൽത്തന്നെ അങ്ങനെ ഒരു സംഭവം നടന്നതായി ഒന്നും പറഞ്ഞിട്ടില്ല. 'because of repression of the people of the locality by the special armed police'. അതിനു അടിസ്ഥാനപരമായി പറയാവുന്ന, ഞാൻ വിചാരിക്കുന്നതായ ഒരു സംഭവമുണ്ട്.

സർ, ഈ ബേയ്ക്കൽ പോലീസ് സ്റ്റേഷനിലെ ഒരു പോലീസ് കാൺസ്റ്റബിളും നമ്പർ 969 ശ്രീധരൻ 24-1-1964-ൽ ഭാസ്കരൻ എന്നൊരാളെ കൂട്ടിക്കൊണ്ടുവച്ച് മദ്യം ഉപയോഗിച്ച് മത്തനായിട്ട് നടക്കുന്നതുകണ്ട് അറസ്റ്റു ചെയ്യുകയുണ്ടായി. അങ്ങനെ അയാളെ അറസ്റ്റുചെയ്ത പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുവന്നപ്പോൾ വഴിക്കുവച്ച കുമാരൻ, കൃഷ്ണൻ എന്ന രണ്ടു പേർ ഈ പോലീസുകാരനെ സമീപിച്ച പോലീസുകാരനെ മർദ്ദിക്കുകയും, ഈ അറസ്റ്റിനു വിധേയനാക്കപ്പെട്ട ഭാസ്കരനെ രക്ഷിക്കുകയും ചെയ്തു. പോലീസുകാരനെ വീണ്ടും ഈ രണ്ടുപേരും മറ്റു ചിലരും ചേർന്നു മർദ്ദിച്ചുകൊണ്ടിരുന്നു. ഈ വിവരം ബാലകൃഷ്ണക്കുറുപ്പ്, ഫിഷറീസ് എൽ. പി. സ്കൂൾ എംപ്ലോയി ഒരു ഹെഡ് കാൺസ്റ്റബിളിനെ അറിയിക്കുകയും, അതനുസരിച്ചു ഈ ഹെഡ്കാൺസ്റ്റബിളും മറ്റു ഒരു പോലീസുകാരനുമായി ഈ സ്ഥലത്തു എത്തുകയും ചെയ്തു. അപ്പോഴേക്കും ഏകദേശം ആറുമണി സമയമായി. ഇതു ഒരു ഭഗവതിക്ഷേത്രത്തിനടുത്തുവച്ച് നടന്ന സംഭവമാണ്. അവർ അവിടെ എത്തുമ്പോൾ ശ്രീധരൻ എന്ന പോലീസുകാരനെ അവിടെ കൂടിയിരുന്നവർ വളരെ അധികം മർദ്ദിച്ചവശനാക്കിയതായും അയാളെ നിലത്തിട്ടു വലിച്ചും, അയാളുടെ യൂണിഫാറം അഴിയും കീറിയിരിക്കുന്നതായും ദേഹത്തിൽനിന്നും രക്തം അവിടെ വീണിരിക്കുന്നതായും കണ്ടു. ഈ ഹെഡ്കാൺസ്റ്റബിളിനേയുംകൂടെ ഉണ്ടായിരുന്ന പോലീസുകാരനെയും അവിടെ കൂടിയിരുന്ന പത്തിരുപതാളുകൾ ചേർന്നു ആയുധങ്ങളോടുകൂടിവന്ന ഈ ആളുകളെ എല്ലാം മർദ്ദിക്കുകയാണുണ്ടായതു്. അപ്പോൾ വടി മുതലായ ആയുധങ്ങൾകൊണ്ട് ഈ രണ്ടാളുകളെയും മർദ്ദിക്കുകയും, ഹെഡ്കാൺസ്റ്റബിളിനെ ഒരു മരത്തിൽ കെട്ടിവയ്ക്കുകയുമുണ്ടായി ഇതുകൂടാതെ മറ്റു രണ്ടാളുകളേയും വളരെയധികം മർദ്ദിച്ചു. ഈ വിവരം പോലീസ്സ്റ്റേഷനിൽ അറിഞ്ഞു അവിടത്തെ ഇൻസ്പെക്ടർ ഈ ഹെഡ്കാൺസ്റ്റബിളിന്റെ റിട്ടൺ കംപ്ലയിന്റു് വാങ്ങിക്കുകയും ചെയ്തു. ഹോസ്ദുർഗ്ഗ് സർക്കിൾ ഇൻസ്പെക്ടർ ഒരു ചാർജ്ജ് ആംഡ് റിസർവ്വ് പോലീസുമായി സ്ഥലത്തു പോയി കേസ് അന്വേഷണം നടത്തുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. വളരെ അക്രമാസക്തമായ ഒരു ജനക്കൂട്ടം വളരെ നിഷ്ഠുരമായ മർദ്ദനം ഈ പോലീസുദ്യോഗസ്ഥന്മാരുടെമേൽ നടത്തിയതുകൊണ്ട് കുറച്ച് ആംഡ് റിസർവ്വ് പോലീസുമായി കേസ്സന്വേഷണത്തിനുപോയ പോലീസുദ്യോഗസ്ഥൻ ആ സ്ഥലത്തു പോയി. അവിടെ എന്തെങ്കിലും അനിഷ്ടസംഭവങ്ങൾ ഉണ്ടാകുമെന്നുകരുതി അതിനെ നേരിടുന്നതിനായിട്ടാണ് അങ്ങനെ പോകേണ്ടിവന്നതു്. അല്ലാതെ അവർ അവിടെ പോയതുകൊണ്ട് മർദ്ദനമൊന്നും ഉണ്ടായില്ല. അവിടെ സമാധാനം പാലിക്കുന്നതിനും ഒരുപക്ഷേ, അന്വേഷണം നടത്തുന്നതിനു പോയ ഉദ്യോഗസ്ഥന്മാരുടെ സ്വയരക്ഷയ്ക്കായി അങ്ങനെ പോയിട്ടുള്ളതാണ്. കേസ്സ് അന്വേഷണത്തിലിരിക്കുകയാണ്. പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല. അവിടെ പോയ പോലീസുകാർ എന്തെങ്കിലും മർദ്ദനപരമായ നടപടികൾ സ്വീകരിച്ചതായി ഈ പ്രമേയത്തിലും അദ്ദേഹം ആരോപണം ഉന്നയിച്ചിട്ടില്ല.

സർ, ഇങ്ങനെയുള്ള, വളരെ ഉഗ്രനാടകളിൽ ഒന്നുരണ്ടു പോലീസുകാർ ചെന്നാൽ ഇങ്ങനെയുള്ള നടപടികളാണ് എടുക്കുന്നതു്. അതിലും വിശേഷിച്ചു അതിനു ഒരു രാഷ്ട്രീയ നിറം കൊടുത്താൽ അതു ശരിയായിരിക്കുകയില്ല. ഈ മാതിരിയുള്ള പ്രവൃത്തികൾ കാണിക്കുന്നതിനു് രാഷ്ട്രീയമായ നിറപ്പകിട്ടുകളുടെ പുറകിൽഇരുന്നുകൊണ്ട് ചിലരുടെ സ്വാധീനക്കൂടുതൽകൊണ്ട് ആരെയെങ്കിലും മർദ്ദിച്ചു കീഴ്പെടുത്തിക്കളയാം എന്നുള്ള ഒരു ചിന്താഗതിയാണ് ഇപ്പോൾ കാണുന്നതു്. അതിൽ രാഷ്ട്രീയമായി എന്തെങ്കിലുമുണ്ടെങ്കിൽ അതു വളരെ നിർഭാഗ്യകരമാണ്. രാഷ്ട്രീയമായിട്ടുള്ളതുപോലെയുള്ള സംഭവങ്ങൾ ആവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ത്തിക്കാതെയിരിക്കുന്നതിനു ആവശ്യമായ നടപടികളും ഗവണ്മെന്റു സ്വീകരിക്കുന്നതാണു്. ഇതുപോലെയുള്ള സന്ദർഭങ്ങളിൽ പോലീസു ഫോഴ്സു് ഉപയോഗിക്കേണ്ടിവന്നാൽ അതായതു് ഏറ്റവും നിർദ്ദയമായ, നിഷ്ഠുരമായ രീതിയിൽ വളരെ ആളുകളും ആയുധങ്ങളോടുകൂടി ഒന്നിച്ചുചേർന്നു ഒന്നരണ്ടു പോലീസുകാരെ വളരെ അധികം മർദ്ദിച്ചു എന്നുള്ളതിനെസംബന്ധിച്ചു ഒരക്ഷരംപോലും ഈ അടിയന്തിരപ്രമേയത്തിൽ പറയാതെയിരിക്കുന്നതെല്ലാം ആലോചിച്ചു നോക്കുമ്പോൾ ഇതു വളരെ അത്ഭുതകരമായിരിക്കുന്നു. ഈ അടിയന്തിരപ്രമേയത്തിലെ വാചകങ്ങളും വായിച്ചതിനുശേഷം എനിക്കു കിട്ടിയ അറിവുവച്ചുകൊണ്ടു അതിനു ചില രാഷ്ട്രീയനിറം ഇല്ലേ എന്നു സംശയിക്കാൻപോലും തോന്നുന്നു സർ.

ഏതായാലും ഇനി തിരഞ്ഞെടുപ്പിനു ഒരു കൊല്ലമേയുള്ളു. അതിനുവേണ്ടി ഇങ്ങനെയുള്ള മാർഗ്ഗങ്ങൾ ഒന്നും സ്വീകരിച്ചതുകൊണ്ടു വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. തിരഞ്ഞെടുപ്പിന്റെ ഫലം എന്താണെന്നു നോക്കാതെ ഇങ്ങനെ സമാധാനലംഘനം ഉണ്ടാക്കുന്നതും, നിയമസമാധാനങ്ങൾ പാലിക്കുന്നതിനു പ്രയാസങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നവരുടെപേരിൽ വളരെ നിർദ്ദാക്ഷിണ്യം നടപടി നടത്തുക എന്നുള്ളതായിരിക്കും ഗവണ്മെൻറിന്റെ നയം എന്നു് മി. പി. എം. കുഞ്ഞിരാമൻ നമ്പ്യാരേയും മറ്റു സഭാംഗങ്ങളേയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഇത്തരം ഒരു അടിയന്തിരപ്രമേയം ഇവിടെ ഹാജരാക്കിയതു അതിനൊരു രാഷ്ട്രീയനിറം കൊടുക്കാനാണു് എന്നു പറയുകയുണ്ടായി. മന്ത്രി അത്തരം ആരോപണം ഉന്നയിച്ചുകാണുന്നതിൽ ഞാൻ വളരെ വേദനിക്കുന്നു. കാരണം, എന്റെ അസംബ്ലി ജീവിതത്തിനിടയിൽ ഒന്നോ രണ്ടോ തവണയല്ലാതെ ഇത്തരം ഒരു പ്രമേയം ഞാൻ അവതരിപ്പിച്ചിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ : ഞാൻ രാഷ്ട്രീയനിറം കൊടുത്തിട്ടില്ല. ഇതിലെ പ്രതികളും പി. എസ്സു്. പി. ക്കാരാണെന്നാണു് പറഞ്ഞതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മന്ത്രി ഇതേ സംബന്ധിച്ചു അന്വേഷണം നടത്തിയിരിക്കാം. ഞാൻ ഇതേസംബന്ധിച്ചു വേണ്ടതുപോലെ അന്വേഷണം നടത്തി ഫോൺമുഖേന കാര്യങ്ങളും അറിഞ്ഞതിനുശേഷംമാത്രമാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനു രാഷ്ട്രീയനിറം കൊടുക്കുകയാണു് എന്നാണു് മന്ത്രി പറയുന്നതു്. മന്ത്രിയുടെ പ്രസ്താവനയിൽത്തന്നെ പറയുന്നതു്, ഏതോ ഒരാൾ കള്ളുകുടിച്ചു ബോധഹീനനായി പോകുമ്പോൾ പോലീസു "അയാളെ പിടിച്ചു; അങ്ങനെ പിടിച്ച ആളിനെ രക്ഷിക്കാനായി പോലീസിനെ മർദ്ദിച്ചു എന്നാണു്. ഞാൻ മനസ്സിലാക്കിയതു അങ്ങനെയല്ല. ബഹു. മന്ത്രിക്കു കിട്ടിയ റിപ്പോർട്ടു ഉദ്യോഗസ്ഥന്മാരിൽനിന്നുമാണു്. എന്നാൽ ഞാൻ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള സംഗതികളും ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടനുസരിച്ചുള്ളവയല്ല. നേരെമറിച്ചു എന്റെ സ്നേഹിതന്മാരിൽനിന്നും കിട്ടിയിട്ടുള്ള വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയാണു്. ഞാൻ സ്പെസിഫിക്കായിട്ടു കാര്യങ്ങളും പറയാതിരുന്നതിനുള്ള കാരണം അതാണു്. കള്ളുകുടിച്ചു മത്തനായി നടന്ന ഒരാളെ പോലീസു അറസ്റ്റുചെയ്തതിനെ അദ്ദേഹത്തെ രക്ഷിക്കാൻ മറ്റുള്ളവർ ശ്രമിച്ചു എന്നു മന്ത്രിയുടെ പ്രസ്താവനയിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. എന്നാൽ അതേസമയംതന്നെ ചില ആളുകൾ പോലീസുകാരനെ പിടിച്ചുകെട്ടി, അവരെ രക്ഷിക്കുവാൻമാത്രം മറ്റു പോലീസുകാർ അവിടെ പോയി എന്നും അവിടെ അതേത്തുടർന്നു രണ്ടു ഗ്രൂപ്പുകാരായി മാറിയിരിക്കുകയാണെന്നും അദ്ദേഹം തന്നെ പറയുകയുണ്ടായി.

Mr. Speaker: Please try to be brief.

Shri P. M. Kunhiraman Nambiar: Yes. I am finishing ഏതായാലും പോലീസുകാരനെ പിടിച്ചുകെട്ടുകയാണെങ്കിൽ, കുഴപ്പത്തിന്റെ കാരണം ഏറെക്കുറെ ഊഹിക്കാമല്ലോ. അതുകൊണ്ടാണു് ഞാൻ പറയുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാരൻ ആദ്യമായി അന്യായമായി പെരുമാറിയെന്ന കേസിലുൾപ്പെട്ട കുറക്കാരായിട്ടുള്ളവരെക്കുറിച്ചുള്ള അന്വേഷണമല്ല ഇപ്പോൾ അവിടെ Special Police നടത്തുന്നതു്. തെളിവെടു ക്കുന്നതിന്റെ പേരിൽ നിരുപദ്രവികളെ ഉപദ്രവിക്കയാണു്.

Shri George Joseph Podippara: Sir, a point of order. Is there scope for a discussion like this?

Mr. Speaker: That is what I am saying. Please try to be brief.

Shri P. M. Kunhiraman Nambiar: Sir, just a minute. അപ്പോൾ അങ്ങനെ അവിടെ മേൽപ്രസ്താവിച്ച പ്രകാരമുള്ള കുഴപ്പമുണ്ടായി അവിടെ രണ്ടു ഗ്രൂപ്പുകളായിമാറിയിരിക്കാം. അവിടെ നടന്ന വഴക്കിന്റെ ഫലമായി സമാധാന സംരക്ഷണത്തിനു് പോയിട്ടുള്ള പോലീസുകാർ സാധാരണഗതിയിൽ ഒരു കേസ്സു രജിസ്റ്റർചെയ്തു് അന്വേഷണം നടത്തി കുറക്കാരായിട്ടുള്ളവരുടെ പേരിൽ കേസ്സെടുക്കുവാൻ ശ്രമിക്കുന്നതു എനിക്കു മനസ്സിലാക്കാം. എന്നാൽ ഇന്നു പോലീസുകാർ അവിടെ പോയി അവിടെയുള്ള ജനങ്ങളെ വളരെ ഏറെ മർദ്ദിക്കുകയും ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തുവെന്നാണു് എനിക്കറിയാൻ സാധിച്ചതു്. കൂടുതൽ എം. എസ്സു്. പി. ക്കാരും മറ്റും അവിടെ പോയി ദിവസവും ജനങ്ങളെ ഉപദ്രവിക്കുകയാണു്. സ്ത്രീകളെക്കൂടി ഉപദ്രവിക്കുകയും അപമാനിക്കുകയും ചെയ്തുവരുന്നു. പകൽക്കാലത്തുതന്നെ സ്ത്രീകൾക്കു് രക്ഷയില്ല. രാത്രിയിൽ വീട്ടിൽ കിടന്നുറങ്ങുന്ന സ്ത്രീകളെയും വെറുതെ വിടുകയില്ലെന്നോ? ഇതേസംബന്ധിച്ചു് ഗവണ്മെന്റു് ന്യായമായും നിഷ്പക്ഷമായും ഒരു അന്വേഷണം നടത്തി കുറക്കാരായിട്ടുള്ളവരെ ശിക്ഷിക്കണം എന്നുള്ളതാണു് എന്റെ അടിയന്തിരപ്രമേയംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. അങ്ങനെ ഒരു അന്വേഷണം നടത്തിയിട്ടു ഞാൻ ന്യായമായി കൊണ്ടുവന്നിട്ടുള്ള ആരോപണങ്ങളം തെറ്റാണെന്നു കാണുന്നപക്ഷം ഞാൻ ഈ അസംബ്ലിയിൽവച്ചു് മാപ്പുചോദിക്കാൻ തയാറാണു്. അതുകൊണ്ടു മന്ത്രി ഇക്കാര്യം വളരെ ഗൗരവമായിട്ടു് എടുത്തു മദ്യപാനിയെ രക്ഷിക്കുവാൻവേണ്ടി പോയതുകൊണ്ടാണോ അതല്ല, എന്തെങ്കിലും വീട്ടിൽ പോലീസുകാരൻ പോയി അക്രമം കാണിച്ചതുകൊണ്ടാണോ ഈ കുഴപ്പം നടന്നിട്ടുള്ളതിനെക്കുറിച്ചു അന്വേഷിക്കണം എന്നു ഞാൻ പറയുകയാണു്.

Mr. Speaker: Order, order. In view of the facts stated by the hon. Minister, I withhold consent to the moving of the motion.

(iii) Collapse of a building under construction in the premises of the Medical College Hospital, Trivandrum, and the injury caused to certain workers thereby

Mr. Speaker: There is another adjournment motion given notice of by Shri E. P. Gopalan regarding the collapse of a building under construction in the premises of the Medical College Hospital, Trivandrum and the injury caused to certain workers thereby. I call upon the hon. Minister for Public Health to state the facts.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ): സർ, ഒരു അടിയന്തിരപ്രമേയം എന്നുള്ള നിലയിൽ ഈ വിഷയം ഈ അവസരത്തിൽ ചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. തിരുവനന്തപുരം മെഡിക്കൽകോളേജു കാമ്പസ്സിൽ 17–ാംനമ്പർ വാർഡിനോടു് സമീപം ഒരു കാർഷെഡ്ഡു് ഇപ്പോൾ പണിതുകൊണ്ടിരിക്കുകയാണു്. ഉദ്ദേശം 67 അടി നീളവും 16½ അടി വീതിയുമുള്ള ആറു കാറുകൾ ഇടത്തുക്കു ഒരു ഷെഡ്ഡാണു് പണിതുകൊണ്ടിരുന്നതു്. 8,210 രൂപയുടെ ഒരു എസ്റ്റിമേറ്റാണു് അതിനുണ്ടായിരുന്നതു്. പല ടെൻഡറുകളുണ്ടായിരുന്നു. അതിൽ ഏറ്റവും കുറഞ്ഞ 5,700 രൂപയുള്ള ടെൻഡർ സ്ഥിരപ്പെടുത്തി കഴിഞ്ഞ നവംബർമാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly